**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 934** **09-10-2024 - ൽ മറുപടിയ്ക്ക്**

**കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ കൊടികുത്തിമല ഇക്കോട്ടൂറിസം കേന്ദ്രത്തിൽ കഴിഞ്ഞ രണ്ട് വർഷം എത്തിയ സഞ്ചാരികളുടെ എണ്ണമെത്രയാണെന്ന് വിശദമാക്കുമോ; | (എ) | 2,40,271 സഞ്ചാരികൾ എത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ സന്ദർശകരുടെ പ്രവേശന പാസ് ഇനത്തിൽ എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പ്രവേശന പാസ് ഇനത്തിൽ 89,76,135/- രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | കൊടികുത്തിമലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ നഗരവനം പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് , അമിനിറ്റി സെന്റർ, സഞ്ചാരികൾക്കായി ടോപ് സ്റ്റേഷനിൽ ടോയിലെറ്റ് ബ്ലോക്ക് , ആംഫിതിയേറ്റർ, കഫ്റ്റീരിയ , പാത്ത് വേ , സഞ്ചാരികൾക്ക് കാഴ്ചകൾ കണ്ട് വിശ്രമിക്കുന്നതിനായി സ്റ്റോൺ ബെഞ്ച് എന്നിവ പൂർത്തിയാക്കിയിട്ടുള്ളതാണ് . കൂടാതെ MLA യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവിൽ ഇക്കോ ടൂറിസം സെന്ററിലേക്കുള്ള റോഡ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | കൊടികുത്തിമലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹകരണം കൂടി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കൊടികുത്തിമലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ടൂറിസം വകുപ്പിൽ നിന്നും പ്രൊപോസൽ ലഭ്യമാക്കുന്ന പക്ഷം അക്കാര്യം നിലവിലുള്ള വനനിയമങ്ങൾക്കനുസൃതമായി പരിശോധിച്ച് പദ്ധതികൾ നടപ്പാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ